<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4504**</u> <u>**06-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്ക് അനുവദിച്ചിട്ടുള്ള വേതനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളിലും, അർബൻ സഹകരണ ബാങ്കുകളിലും കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന കളക്ഷൻ ഏജന്റുമാരുടെ പ്രതിമാസ വേതനം 5000/- രൂപയായും, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന കളക്ഷൻ ഏജന്റുമാരുടെ സ്ഥിര വേതനം 4000/- രൂപയായും നിശ്ചയിച്ച് നൽകി 06/02/2021-ലെ സ.ഉ(സാധാ)നമ്പർ 93/2021/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 26/02/2021-ലെ സ.ഉ(സാധാ)നമ്പർ 167/2021/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റുമാരുടെ വേതനം പ്രതിമാസം 6000/- രൂപയായി നിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. |
| (ബി) | കമ്മീഷൻ ഇനത്തിൽ തുച്ഛമായ ആനുകൂല്യം മാത്രം ലഭിക്കുന്ന കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കളക്ഷൻ ഏജന്റുമാർക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ